ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 14-07-2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ഗതാഗതം, സുസ്ഥിര വികസനം തുടങ്ങി നിരവധി മേഖലകളിൽ ഇന്ത്യ- സ്പെയ്ൻ സഹകരണം ശക്തമാക്കേണ്ടത് അനിവാര്യമെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ.

   **Union Minister Piyush Goyal has said that it is essential to strengthen India-Spain cooperation in many areas including transport and sustainable development.**

2. രാജ്യത്ത് ഏഴ് ഇ.എസ്.ഐ. ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തെലങ്കാനയിൽ തുടക്കം കുറിക്കും.

   **Union Minister Mansukh Mandavya will launch seven ESI healthcare schemes across the country in Telangana today.**

3. വിയറ്റ്നാം ബോട്ടപകടത്തിൽ മരിച്ച 15 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ മുംബൈയിലെത്തിച്ചു. അപകടത്തിൽപ്പെട്ട രണ്ട് മലയാളികളുടെ മൃതദേഹങ്ങൾ ഇന്ന് രാവിലെ തിരുവനന്തപുരത്ത് എത്തിക്കും.

   **The mortal remains of 15 Indian tourists who lost their lives in a boat tragedy in Vietnam arrived in Mumbai last night. The mortal remains of two Malayalis who were involved in the accident will reach Thiruvananthapuram this morning.**

4. കിഫ്ബിയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ച് കേരള സർക്കാർ.

   **The Kerala government has appointed a five-member expert committee to study the functioning of KIIFB.**

5. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമാകുന്നു. ഹോർമുസ് കടലിടുക്കിൽ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരു ഇന്ത്യക്കാരൻ കൊല്ലപ്പെട്ടു. ഇറാനിയൻ കപ്പലുകൾക്ക് ഉപരോധം ഏർപ്പെടുത്തി അമേരിക്ക.

**Tensions are escalating in West Asia. An Indian crew member was killed in an attack by Iran in the Strait of Hormuz. The US has imposed a blockade on Iranian ships.**

6. ഇന്ത്യ-ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ബിർമിംഗ്ഹാമിൽ.

**The first match of the India-England men's one-day cricket series will be played in Birmingham today.**

**&&&&&&&&&&&&&&&&&&&&&&&&**

## PIYUSH GOYAL (INTRO)

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയൂഷ് ഗോയലിന്റെ സ്പെയിൻ സന്ദർശനം പുരോഗമിക്കുന്നു. സ്പെയിൻ വൈസ് പ്രസിഡന്റുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, സാങ്കേതിക സഹകരണം എന്നിവയിലൂടെ ഇന്ത്യ-സ്പെയിൻ സാമ്പത്തിക പങ്കാളിത്തം ശക്തമാക്കുന്നതിനെക്കുറിച്ച് ഇരു നേതാക്കളും ചർച്ചകൾ നടത്തി. ഇന്ത്യ- സ്പെയിൻ ബിസിനസ് ഫോറത്തേയും അദ്ദേഹം അഭിസംബോധന ചെയ്തു. ഗതാഗതം, സുസ്ഥിര വികസനം, കല, ശാസ്ത്രം, സംസ്കാരം എന്നിവയിൽ ഇന്ത്യയും സ്പെയിനും തമ്മിൽ സഹകരണം ശക്തമാക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയ്സ്.......)**

ഇന്ത്യയുടെ സാമ്പത്തിക-വ്യാപാര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ബെൽജിയം, ഫിൻലൻഡ് എന്നീ രാജ്യങ്ങളും ശ്രീ പീയൂഷ് ഗോയൽ സന്ദർശിക്കുന്നുണ്ട്. ഈ മാസം 17 വരെയാണ് സന്ദർശനം.

********************************

## INDIA EMBASSY-VIETNAM

വിയറ്റ്നാം ബോട്ടപകടത്തിൽ മരിച്ച രണ്ട് മലയാളികൾ ഉൾപ്പടെ 15 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ ഇന്നലെ മുംബൈയിലെത്തിച്ചു. കൊട്ടാരക്കര സ്വദേശികളായ എ. സി തോമസ്, ഭാര്യ ലോവേനി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ മുംബൈയിൽ നിന്നും ഇന്ന് രാവിലെ എയർ ഇന്ത്യ വിമാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിക്കുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. തുടർന്ന് കൊട്ടാരക്കരകരയിലേക്ക് കൊണ്ടു പോകും.

**********************************

## MANSUKH MANDAVIYA

രാജ്യത്ത് ഏഴ് ഇ.എസ്.ഐ. ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തുടക്കം കുറിക്കും. 668 കോടി രൂപയുടെ പദ്ധതികൾ 53 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടും. തെലങ്കാനയിലെ ഇ എസ് ഐ ആശുപത്രിയിലാണ് ഉദ്ഘാടന ചടങ്ങ്. തെലങ്കാനയ്ക്കു പുറമെ അസം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ എന്നവിടങ്ങളിലെ ഇ എസ് ഐ ആശുപത്രികളിലാണ് പദ്ധതി ആരംഭിക്കുന്നത്.

**********************************

## TEXTILE EXPO - BHARAT TEX

ഇന്ത്യയിലെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ന് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കം കുറിക്കും. മേളയുടെ മൂന്നാം പതിപ്പാണിത്. നാല് ദിവസം നീളുന്ന മേളയിൽ ഇരുപതിനായിരത്തിലധികം ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കും. 14 രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര പ്രദർശകർ പങ്കെടുക്കും.

**********************************

## NEET OMR SHEET

നീറ്റ് യു.ജി 2026 പുനഃപരീക്ഷയുടെ ഒ.എം.ആർ ഷീറ്റുകളും ഉത്തര കടലാസുകളും നാഷണൽ ടെസ്റ്റിംഗ് ഏജൻസി വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചു. ഉദ്യോഗാർത്ഥികൾക്ക് അപേക്ഷയുടെ നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഒത്തുനോക്കാമെന്ന് ഏജൻസി അറിയിച്ചു. ഒ.എം.ആർ സംബന്ധിച്ച പരാതികളും ആശങ്കകളും അറിയിക്കാനുള്ള സൗകര്യം ഈ മാസം 15-ാം തീയതി വരെ ലഭ്യമായിരിക്കും.

*********************************

# ISS

ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീണ്ടുനിൽക്കുന്ന ദൗത്യത്തിനായി ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് തിരിക്കും. കസഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽനിന്ന് റോസ്കോസ്മോസ് സോയൂസ് എംഎസ്-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. ഇന്ത്യൻ സമയം രാത്രി 8:17-നാണ് വിക്ഷേപണം. റഷ്യൻ ബഹിരാകാശ യാത്രികരായ പ്യോത്തർ ഡുബ്രോവ്, അന്ന കിക്കിന എന്നിവർക്ക് ഒപ്പമാണ് യാത്ര. ബുധനാഴ്ച പുലർച്ചെ 1:25-ഓടെ യാത്രികർ ബഹിരാകാശ നിലയത്തിനുള്ളിലേക്ക് പ്രവേശിക്കും.

*********************************

# KIIFB

കിഫ്ബിയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ച് കേരള സർക്കാർ. മുൻ ഐഎഎസ് ഉദ്യോഗസ്ഥയായ സുധ പിള്ള അധ്യക്ഷയായ അഞ്ചംഗ സമിതിയെയാണ് നിയോഗിച്ചത്. കിഫ്ബിയെ സംബന്ധിച്ച് വിശദമായി പഠനം നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം.

*********************************

# N S ISSAC, DDG

ആകാശവാണി മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എൻ എസ് ഐസക് അന്തരിച്ചു. 79 വയസ്സായിരുന്നു. രോഗബാധിതനായി ചികിത്സയിലിരിക്കെ ഇന്നലെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. തിരുവനന്തപുരം, കൊച്ചി,

കണ്ണൂർ, പോണ്ടിച്ചേരി ആകാശവാണി നിലയങ്ങളിൽ ഡയറക്ടർ ആയിരുന്നു. ആകാശവാണിയിൽ ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് ആയി പ്രവേശിച്ച അദ്ദേഹം ഡെപ്യൂട്ടി ഡയറക്ടർ ജനറലായാണ് വിരമിച്ചത്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2.30ന് പാളയം CSI Christ Church സെമിത്തേരിയിൽ നടക്കും.

********************************

## UNSC-INDIA (INTRO)

ഐക്യരാഷ്ട്ര സഭ സുരക്ഷാ കൗൺസിലിൽ താല്ക്കാലിക അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രചാരണത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ച് ഇന്ത്യ. 2028-29 കാലയളവിലേക്കാണ് തിരഞ്ഞെടുപ്പ്. ന്യൂയോർക്കിലെ യു.എൻ ആസ്ഥാനത്ത് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറാണ് ഇന്ത്യയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. **വിശദാംശങ്ങളിലേക്ക്.......**

*(വോയിസ്)*

*ആഗോളതലത്തിൽ സംഘർഷങ്ങളും അസ്ഥിരതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയുടെ പങ്ക് വളരെ നിർണ്ണായകമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു. ആഗോള സമാധാനവും സുരക്ഷയും തുല്യ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള രാജ്യത്തിന്റെ സമീപനമായി, ശാന്തി ദർശനം അദ്ദേഹം അവതരിപ്പിച്ചു. യു.എൻ രൂപീകൃതമായതു മുതൽ ഇതുവരെ ഏകദേശം 50 സമാധാന ദൗത്യങ്ങളിലായി മൂന്ന് ലക്ഷത്തോളം സേനാംഗങ്ങളെ ഇന്ത്യ സംഭാവന ചെയ്തിട്ടുണ്ടെന്നും നിലവിൽ 10 യു.എൻ സമാധാന ദൗത്യങ്ങളിലായി 4,300-ലധികം ഇന്ത്യൻ സേനാംഗങ്ങൾ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. എട്ട് തവണ ഇന്ത്യ സുരക്ഷാ കൗൺസിലിൽ താല്ക്കാലിക അംഗമായിരുന്നിട്ടുണ്ട്. ഏറ്റവും ഒടുവിൽ 2021-22 കാലയളവിലായിരുന്നു ഇത്.*

***ന്യൂസ് ഡെസ്ക് ആകാശവാണി...***

*******************************

## US-IRAN ATTACKS

പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷം രൂക്ഷമാകുന്നു. ഹോർമുസ് കടലിടുക്കിൽ യുഎഇയുടെ രണ്ട് കപ്പലുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരു ഇന്ത്യക്കാരൻ മരിക്കുകയും ആറ് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആക്രമണത്തെ യുഎഇ പ്രതിരോധ മന്ത്രാലയം അപലപിച്ചു. ഒമാൻ തീരത്തിന് സമീപത്ത് വച്ചാണ് ആക്രമണം നടന്നത്. ഇതിനെത്തുടർന്ന് ഈ മേഖലയിലൂടെയുള്ള കപ്പൽ ഗതാഗതം തടസപ്പെട്ടു. എന്നാൽ ഹോർമുസ് കടലിടുക്കിൽ ഇറാനിയൻ കപ്പലുകൾക്ക് അമേരിക്ക വീണ്ടും ഉപരോധം ഏർപ്പെടുത്തിയതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു.

*******************************

## WB BOAT CAPSIZE

ഈ മാസം ആദ്യം പശ്ചിമ ബംഗാൾ തീരത്ത് നിന്ന് കാണാതായ മത്സ്യബന്ധന ബോട്ട് ബംഗാൾ ഉൾക്കടലിൽ മറിഞ്ഞ നിലയിൽ കണ്ടെത്തി. അപകടത്തിൽ ഒൻപത് മത്സ്യത്തൊഴിലാളികൾ മരിച്ചതായി സ്ഥിരീകരിച്ചു. കാണാതായ മറ്റ് ആറ് പേർക്കായി തിരച്ചിൽ തുടരുകയാണ്. ദുരന്തത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവർ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.

*******************************

## IND vs ENG ODI

ഇന്ത്യ-ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ഇന്ത്യൻ സമയം വൈകുന്നേരം 3.30ന് ബിർമിംഗ്ഹാമിലാണ് മത്സരം. മൂന്ന് മത്സരങ്ങളടങ്ങിയതാണ് പരമ്പര.

*******************************

## FIFA WORLD CUP

ലോകകപ്പ് ഫുട്ബോൾ സെമി മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും. മറ്റന്നാൾ നടക്കുന്ന സെമി പോരാട്ടത്തിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. ഈ മാസം 20 നാണ് ഫൈനൽ.

********************************

## WAVES - CREATE IN INDIA

വേവ്സ് 2027 'ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച് സീസൺ 2'-ന് കീഴിൽ വ്യവസായ അധിഷ്ഠിത മത്സരങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ക്ഷണിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. മീഡിയ, എന്റർടൈൻമെന്റ് മേഖലയിലെ ക്രിയേറ്റർമാരെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. മികച്ച സൃഷ്ടികൾ വേവ്സ് 2027 ഉച്ചകോടിയുടെ ഭാഗമായി നടക്കുന്ന 'ക്രിയേറ്റോസ്ഫിയറിൽ' പ്രദർശിപ്പിക്കും. ഈ മാസം 31-നകം wavesbazaar.com എന്ന ഓൺലൈൻ പോർട്ടൽ വഴി നിർദ്ദേശങ്ങൾ സമർപ്പിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ചലഞ്ചിന്റെയും വിജയകരമായ നടത്തിപ്പിനായി ഒരു കോടി രൂപ വരെയുള്ള ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കും.

********************************

## ASSAM-FLOOD

അസമിൽ പ്രളയം രൂക്ഷം. ആറ് ജില്ലകളിലെ ജനജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പല ജില്ലകളിലും ഇന്നും നാളെയും കനത്ത മഴ പെയ്യാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

********************************

## OPERATION TOOFAN - MEETING

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി വിദ്യാർത്ഥി-യുവജന സംഘടനകളുടെ യോഗം നാളെ തിരുവനന്തപുരത്ത് ചേരും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല വിളിച്ചു ചേർക്കുന്ന യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ധീൻ പങ്കെടുക്കും. ലഹരിയ്ക്കെതിരെയുള്ള പോരാട്ടത്തിൽ വിദ്യാർത്ഥി യുവജന

സംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്താനുള്ള ചർച്ചകൾ നടക്കും.
********************************

## CENSUS

സെൻസസ് 2027-ന്റെ ഭാഗമായുള്ള വിവരശേഖരണം കേരളത്തിൽ പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ്.

*

*************

***************************************************